പട്ടികജാതി കോളനികളിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി

27 [607] *ശ്രീ എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ലഭിക്കാത്ത എത്ര പട്ടികജാതി കോളനികളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കോളനികളിൽ ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി ലഭ്യമാക്കുന്നതിന് പട്ടികജാതി പിന്നോക്ക സമുദായക്ഷേമ വകുപ്പ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഏകദേശം 2,622 പട്ടികജാതി കോളനികൾ വൈദ്യുതീകരിക്കാനുണ്ട്.

(ബി) സംസ്ഥാനത്തെ വൈദ്യുതീകരിക്കാത്ത പട്ടികജാതി കോളനികളും സങ്കേതങ്ങളും വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇരിക്കൂറിലെ ട്രൈബൽ കോളനികളുടെ വൈദ്യുതീകരണം

28 [608] *ശ്രീ കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005, 2005-2006 വർഷങ്ങളിൽ എസ്.റ്റി. വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് പണം അനുവദിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ നടുവിൽ പഞ്ചായത്തിലെ ഉത്തൂർ ട്രൈബൽ കോളനി, പയ്യാവൂർ പഞ്ചായത്തിലെ കാഞ്ഞിരക്കൊല്ലി ട്രൈബൽ കോളനി എന്നീ കോളനികളുടെ വൈദ്യുതീകരണം കോർപ്പസ് ഫണ്ടിൽ ചെയ്യുവാനുള്ള നിർദ്ദേശം പരിഗണിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം എന്താണ്;

(ഡി) വൈദ്യുതീകരണത്തിനായി എസ്.സി./എസ്.ടി. കോളനികൾ പ്രത്യേക ഘടകപദ്ധതിയിലോ കോർപ്പസ് ഫണ്ടിലോ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ ഉപപദ്ധതി കോർപ്പസ് ഫണ്ടിൽനിന്നും ഫണ്ട് അനുവദിക്കുന്നത് പ്രധാനമായും കോളനി റോഡുകളുടെ പുനരുദ്ധാരണം, കോളനി വൈദ്യുതീകരണം, കുടിവെള്ള പദ്ധതികൾ, നടപ്പാലങ്ങളുടെ നിർമ്മാണം,

LIBRARY ARCHIVES Kerala Legislative Assembly